REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-08-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- വയനാട് പുനരധിവാസത്തിന് കേന്ദ്രസഹായം തേടി പ്രധാനമന്ത്രി നരേന്ദ്രമോദിയെ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കാണും.
- ആരോഗ്യ പ്രവർത്തകർക്ക് ജോലിസ്ഥലങ്ങളിൽ സുരക്ഷയും സംരക്ഷണവുമൊരുക്കാൻ രൂപീകരിച്ച ദേശീയ ദൗത്യസേനയുടെ ആദ്യയോഗം ഇന്ന് ന്യൂഡൽഹിയിൽ.
- മലയാള ചലച്ചിത്രമേഖലയിലെ സ്ത്രീകളുടെ പരാതികൾ അന്വേഷിക്കുന്ന പ്രത്യേക സംഘത്തിൻെറ യോഗം ഇന്ന് തിരുവനന്തപുരം ക്രൈംബ്രാഞ്ച് ആസ്ഥാനത്ത്.
- കൊച്ചി മെട്രോ പാലക്കാട്ടേക്ക് നീട്ടാൻ എല്ലാ ശ്രമവും നടത്തുമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.
- പുരോഗമന കലാസാഹിത്യസംഘത്തിന്റെ രണ്ടു ദിവസത്തെ സംസ്ഥാന സമ്മേളനം ഇന്ന് കണ്ണൂരിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

**വയനാട് പുനരധിവാസത്തിന് കേന്ദ്രസഹായം തേടി പ്രധാനമന്ത്രി നരേന്ദ്രമോദിയെ മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കാണും. ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയുടെ വസതിയിലാണ് കൂടിക്കാഴ്ച. മുഖ്യമന്ത്രി ഇന്നലെതന്നെ ഡൽഹിയിലെത്തിയിട്ടുണ്ട്.**

**പുന:രധിവാസത്തിന് 2,000 കോടി രൂപ സഹായത്തിന് വിശദമായ നിവേദനം മുഖ്യമന്ത്രി പ്രധാമന്ത്രിക്ക് സമർപ്പിക്കും. ഉരുൾപൊട്ടലുണ്ടായ മേഖല സന്ദർശിച്ച നരേന്ദ്രമോദി സംസ്ഥാനത്തിന്**

എല്ലാ സഹായങ്ങളും ഉറപ്പുനൽകിയിരുന്നു. പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനും ആവശ്യമായ നടപടികൾ തയ്യാറാക്കി വിശദ റിപ്പോർട്ട് നൽകാൻ കേന്ദ്രം കേരളത്തോട് ആവശ്യപ്പെടുകയും ചെയ്തു.

വയനാട് ഉരുൾപൊട്ടൽ L-3 വിഭാഗത്തിൽ ഉൾപ്പെടുത്തി സഹായം നൽകണമെന്നാണ് സംസ്ഥാനത്തിന്റെ പ്രധാന ആവശ്യം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

കാലാവസ്ഥ അനുകൂലമായാൽ ആനടികാപ്പ് - സൂചിപ്പാറ മേഖലയിൽ തിരച്ചിൽ തുടരുമെന്ന് മന്ത്രി AK ശശീന്ദ്രൻ കല്പറ്റയിൽ അറിയിച്ചു. ദുരന്ത ബാധിതർ ആവശ്യപ്പെടുന്നതനുസരിച്ചായിരിക്കും തിരച്ചിൽ. ജനങ്ങളുടെ സംശയവും ആശങ്കയും പൂർണമായി തീരും വരെ തിരച്ചിൽ തുടരുമെന്നും മന്ത്രി പറഞ്ഞു. വയനാട്ടിലെ ദുരന്താനന്തര ആവശ്യങ്ങൾ കണക്കാക്കുന്ന വിദഗ്ധ സംഘത്തോടൊപ്പം അദ്ദേഹം ദുരന്തമേഖലകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ നേരിൽ വിലയിരുത്തി.

മിനിയാന്നത്തെ പ്രത്യേക തിരച്ചിലിൽ കണ്ടെത്തിയ ആറ് ശരീരഭാഗങ്ങളിൽ അഞ്ചെണ്ണം മനുഷ്യന്റേതാണെന്ന് പോസ്റ്റുമോർട്ടത്തിൽ സ്ഥിരീകരിച്ചു. ഭൗതികാവശിഷ്ടങ്ങൾ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന മേപ്പാടി ഹയർ സെക്കന്ററി സ്കൂളിൽ ഇന്ന് അധ്യയനം ആരംഭിക്കും. ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചിരുന്ന കുടുംബങ്ങളെ മറ്റിടങ്ങളിലേക്ക് മാറ്റി താമസിപ്പിച്ച സാഹചര്യത്തിലാണ് സ്കൂൾ തുറക്കുന്നത്.

വെള്ളാർമല ഹയർസെക്കണ്ടറിയിലെയും, മുണ്ടക്കൈ GLP സ്കൂളിലെയും വിദ്യാർത്ഥികൾക്ക് മേപ്പാടി ഹയർ സെക്കണ്ടറി സ്കൂളിലും, മേപ്പാടി APJ ഹാളിലും സെപ്റ്റംബർ രണ്ടിന് പ്രവേശനോത്സവത്തോടെ ക്ലാസുകൾ തുടങ്ങും.

✪✪✪

ആരോഗ്യമേഖലയിലെ ഡോക്ടർമാരടക്കം പ്രൊഫഷണലുകൾക്ക് ജോലിസ്ഥലങ്ങളിൽ സുരക്ഷയും സംരക്ഷണവുമൊരുക്കാൻ സുപ്രീംകോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച ദേശീയ ദൗത്യസേനയുടെ ആദ്യയോഗം ഇന്ന് ഡൽഹിയിൽ ചേരും. കാബിനറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ആഭ്യന്തര സെക്രട്ടറി, ദേശീയ

മെഡിക്കൽ കൗൺസിൻ ചെയർപേഴ്സൺ, എയിംസ് ഡയറക്ടർ തുടങ്ങിയവർ പങ്കെടുക്കും. കൊൽക്കത്ത RG കർ മെഡിക്കൽ കോളജിൽ യുവഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തെ തുടർന്നാണ് സുപ്രീംകോടതി നിർദ്ദേശപ്രകാരം ദൗത്യസേന രൂപീകരിച്ചത്.

ഇടക്കാല റിപ്പോർട്ട് മൂന്നാഴ്ചക്കകവും അന്തിമറിപ്പോർട്ട് രണ്ട് മാസത്തിനകവും നൽകാൻ ദൗത്യസേനയോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും മുതിർന്ന ജാർഖണ്ഡ് മുക്തി മോർച്ച നേതാവുമായ ചമ്പായി സോറൻ ഈ മാസം 30-ന് റാഞ്ചിയിൽ BJP യിൽ ചേരും. BJP യുടെ ജാർഖണ്ഡ് തിരഞ്ഞെടുപ്പ് സഹചുമതല വഹിക്കുന്ന അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ സാമൂഹ്യ മാധ്യമ പോസ്റ്റിലാണ് ഇത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്.

✪✪✪

പൊതുജനങ്ങളുടെ പരാതികളിൽ സമയബന്ധിതവും അർത്ഥപൂർണ്ണവുമായ പരിഹാരത്തിന് കേന്ദ്രം സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഏകജാലക സംവിധാനത്തിലൂടെ പരാതികൾ pgportal.gov യിൽ രജിസ്റ്റർ ചെയ്യാം. തീർപ്പാക്കിയ പരാതികളെക്കുറിച്ച് ഫീഡ്ബാക്ക് SMS ഉം E- മെയിലും വഴി അയയ്ക്കും.

✪✪✪

മലയാള ചലച്ചിത്രമേഖലയിൽ സ്ത്രീകൾ ലൈംഗിക ചൂഷണത്തിന് ഇരയായതിനെക്കുറിച്ച് അന്വേഷിക്കാൻ രൂപീകരിച്ച പ്രത്യേക സംഘത്തിൻെറ യോഗം ഇന്ന് തിരുവനന്തപുരം ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് ചേരും. ക്രൈം ബ്രാഞ്ച് ADGP, H.വെങ്കിടേഷാണ് അന്വേഷണത്തിന് നേതൃത്വം നൽകുന്നത്.

ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രത്യേക സംഘം പരിശോധിക്കും. മൊഴികൊടുത്തവരെ വീണ്ടും കണ്ടു മൊഴിയെടുക്കുന്ന കാര്യം യോഗം ചർച്ച ചെയ്യും. നാല് വനിത IPS ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് അന്വേഷണ സംഘം.

✪✪✪

ബംഗാളി നടിയുടെ പരാതിയിൽ സംവിധായകൻ രഞ്ജിത്തിനെതിരെ എറണാകുളം നോർത്ത് പൊലീസ് കേസെടുത്തു. ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസെടുത്തിരിക്കുന്നത്. പരാതികൾ അന്വേഷിക്കാൻ രൂപീകരിച്ച പ്രത്യേക സംഘം തുടർനടപടികൾ സ്വീകരിക്കുമെന്ന് ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ K.S സുദർശൻ അറിയിച്ചു.

✪✪✪

കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലേതു പോലെ സിനിമാനയം രൂപീകരിച്ച് മുന്നോട്ട് പോകണമെന്ന് നടനും സംവിധായകനുമായ മേജർ രവി കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. ജസ്റ്റിസ് ഹേമകമ്മറ്റി റിപ്പോർട്ടിന്റെ തുടർനടപടികളിൽ തിരുമാനമെടുക്കേണ്ടത് ഗവൺമെന്റ് ആണെന്നും മേജർ രവി പറഞ്ഞു.

✪✪✪

കൊച്ചി മെട്രോ പാലക്കാട്ടേക്ക് നീട്ടാൻ ഏതറ്റം വരെയും പോകുമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തൃശൂരിൽ പറഞ്ഞു. കോയമ്പത്തൂരിൽ നിന്നെത്തുന്നവർക്ക് പാലക്കാട്ടു നിന്ന് മെട്രോയിൽ കയറാൻ സൗകര്യമുണ്ടാകണമെന്ന് തൃശൂർ ചേമ്പർ ഓഫ് കോമേഴ്സിന്റെ പരിപാടി ഉദ്ഘാടനം ചെയ്യവെ അദ്ദേഹം അഭിപ്രായപ്പെട്ടു.

തൃശ്ശൂർ പൂരം വെടിക്കെട്ടു വിഷയത്തിൽ കോടതിയെ കാര്യങ്ങൾ കൃത്യമായി ധരിപ്പിക്കാത്തതാണ് കഴിഞ്ഞ തവണ ലാത്തിച്ചാർജ്ജിന് കാരണമായതെന്നും അദ്ദേഹം വിലയിരുത്തി. കോടതിയെ കൃത്യമായി സാഹചര്യം ധരിപ്പിച്ചാൽ വെടിക്കെട്ടിന് അനുമതി ലഭിക്കുമായിരുന്നുവെന്നും സുരേഷ് ഗോപി പറഞ്ഞു.

✪✪✪

കഥകളി ഉൾപ്പെടെ ക്ലാസിക്കൽ കലകൾക്ക് പ്രോൽസാഹനം നൽകുന്നതിൽ ക്ഷേത്രങ്ങൾ ഏറെ സംഭാവന നൽകിയിട്ടുണ്ടെന്ന് മന്ത്രി V.N വാസവൻ അഭിപ്രായപ്പെട്ടു. ഗുരുവായൂരിലെ അഷ്ടമിരോഹിണി മഹോത്സവത്തോട് ബന്ധപ്പെട്ട് മേൽപുത്തൂർ ഓഡിറ്റോറിയത്തിൽ സംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗുരുവായൂർ ക്ഷേത്രത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കഴിയുന്നതും വേഗം പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നും മന്ത്രി പറഞ്ഞു. ഈ വർഷത്തെ ഗുരുവായൂരപ്പൻ ക്ഷേത്ര കലാ പുരസ്കാരം കലാമണ്ഡലം രാമചാക്യാർക്ക് മന്ത്രി സമ്മാനിച്ചു. ി

✪✪✪

**സാമൂഹ്യ പരിഷ്കർത്താവായ അയ്യൻകാളിയുടെ 161- മത് ജയന്തി ആഘോഷം നാളെ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കും. വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ രാവിലെ മന്ത്രി O.R കേളുവിന്റെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് സമ്മേളനത്തിൽ മന്ത്രിമാരായ V.ശിവൻകുട്ടി, G.R അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ പങ്കെടുക്കും.**

✪✪✪

**പുരോഗമന കലാസാഹിത്യസംഘത്തിന്റെ രണ്ടു ദിവസത്തെ 13-ാം സംസ്ഥാന സമ്മേളനം ഇന്ന് കണ്ണൂരിൽ ആരംഭിക്കും. ബർണശ്ശേരി E.K നായനാർ അക്കാദമിയിൽ രാവിലെ കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് സച്ചിദാനന്ദൻ ഉദ്ഘാടനം ചെയ്യും. T-പത്മനാഭൻ, M മുകുന്ദൻ, കമൽ, ആദവൻ ദീക്ഷണ്യ, വിജയലക്ഷ്മി തുടങ്ങിയവർ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുക്കും.**

✪✪✪

**പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കമാകും. പതിനൊന്നു ദിവസത്തെ കായികമേള അടുത്ത മാസം 8 ന് സമാപിക്കും. പാരാലിമ്പിക്സിൽ ഇന്ത്യയിൽ നിന്നും 84 അത്‌ലറ്റുകളുടെ സംഘമാണ് പങ്കെടുക്കുന്നത്. കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ത്യൻ സംഘത്തിന് ആശംസകൾ അറിയിച്ചു.**

✪✪✪

**ഇന്നലെ കോഴിക്കോട്ട് അന്തരിച്ച മാതൃഭൂമി ചീഫ് സബ് എഡിറ്ററും കാലിക്കറ്റ് പ്രസ്സ് ക്ലബ്ബിന്റെ നിയുക്ത ട്രഷററുമായ T.ഷിനോദ് കുമാറിന്റെ സംസ്കാരം രാവിലെ വെസ്റ്റ്ഹിൽ ശ്മശാനത്തിൽ നടത്തും. തിങ്കളാഴ്ച ഉച്ചയ്ക്ക് ഹൃദയാഘാതത്തെ തുടർന്നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.**

**2002-മുതൽ മാതൃഭൂമിയിൽ പത്രാധിപസമിതി അംഗമായിരുന്ന അദ്ദേഹത്തിന് കണ്ണൂർ ഫിലിം ചേംബർ മാധ്യമ അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. മാതൃഭൂമി ജേണലിസ്റ്റ് യൂണിയന്റെയും KUWJ യുടെയും ഉൾപ്പെടെ വിവിധ സംഘടനകളുടെ ഭാരവാഹിയായി പ്രവർത്തിച്ചിട്ടുണ്ട്.**

✪✪✪

സംസ്ഥാനത്ത് അടുത്ത വെള്ളിയാഴ്ച വരെ മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കണ്ണൂർ, കാസർക്കോട് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

കോഴിക്കോട് വിലങ്ങാട് മേഖലയിൽ ഇന്നലെ രാത്രി അതിശക്തമായ മഴ പെയ്തു. വിലങ്ങാട് പുഴയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഇരുപതോളം കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ഇതുവരെ 4,060 അപേക്ഷ ലഭിച്ചു. ഇവരിൽ 710 അപേക്ഷകർ 65 ന് മേൽ പ്രായക്കാരാണ്. 342 പേർ മെഹറം ഇല്ലാത്ത വിഭാഗത്തിലുമാണ്. സെപ്റ്റംബർ ഒൻപതാണ് അപേക്ഷ ലഭിക്കേണ്ട അവസാന തീയതി.

✪✪✪

മാരാരിക്കുളം കഞ്ഞിക്കുഴി വനസ്വർഗ്ഗത്തെ ചിൽഡ്രൻസ് ഹോമിൽ നിന്ന് മൂന്ന് കുട്ടികളെ കാണാതായി. ഇന്നലെ വൈകിട്ട് പുറത്തു പോയ കുട്ടികൾ പിന്നീട് മടങ്ങി വന്നില്ല. കുട്ടികളിൽ ഒരാളെ ഇതിന് മുമ്പും സമാന സാഹചര്യത്തിൽ കാണാതായിട്ടുണ്ട്. മാരാരിക്കുളം പൊലീസ് അന്വേഷണം ആരംഭിച്ചു.

✪✪✪

കേരള - കർണാടക അന്തർ സംസ്ഥാന പാതയിൽ കണ്ണൂർ ഇരിട്ടി - മാക്കൂട്ടം ചുരത്തിൽ അർധരാത്രിയോടെ മരം കടപുഴകി വീണ് ഗതാഗതം തടസ്സപ്പെട്ടു. ഇരിട്ടിയിൽ നിന്ന് അഗ്നി രക്ഷാ സേനയെത്തി പുലർച്ചെ രണ്ടു മണിയോടെ മരം മുറിച്ചുമാറ്റി ഗതാഗതം പുനഃസ്ഥാപിച്ചു.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രാവിലെ 11 ന് കൊല്ലം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിങ് നടത്തും. സിറ്റിങ്ങിൽ കൊല്ലം ജില്ലയിൽ നിന്ന് പുതിയ പരാതികൾ സ്വീകരിക്കും.

✪✪✪

NGO അസോസിയേഷൻ തിരുവനന്തപുരം സൗത്ത് 49-ാം ജില്ലാ സമ്മേളനം രാവിലെ മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. ബാലരാമപുരത്താണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ ആദ്യകപ്പൽ ഈ മാസം 30 ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെത്തും. 14,000 ത്തോളം കണ്ടെയ്നറുകൾ വഹിക്കാൻ കപ്പലിന് ശേഷിയുണ്ട്. ആദ്യമായാണ് ഈ കമ്പനിയുടെ കപ്പൽ വിഴിഞ്ഞത്തെത്തുന്നത്.

✪✪✪

കണ്ണൂർ കല്ല്യാശ്ശേരിക്കടുത്ത് കോലത്തുവയലിൽ ജന്മാഷ്ടമി ശോഭാ യാത്രയുമായി ബന്ധപ്പെട്ട സംഘർഷത്തിൽ ഒരാൾക്ക് വെട്ടേറ്റു. ശോഭാ യാത്ര കഴിഞ്ഞ് രാത്രി മടങ്ങുകയായിരുന്ന BJP പ്രവർത്തകൻ P.C ബാബുവിനാണ് വെട്ടേറ്റത്.

✪✪✪

കൊല്ലം അഞ്ചലിൽ ഇന്നലെ വൈകിട്ട് ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ച് കാർ കത്തി നശിച്ചു. കാർ ഓടിച്ചിരുന്ന ഉടമ അഞ്ചൽ സ്വദേശി ഷിജു രക്ഷപ്പെട്ടു. തടിക്കാട് പാങ്ങലിനു സമീപമായിരുന്നു അപകടം.

✪✪✪